LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമം

142 (2421) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾ ദേശീയ ജനസംഖ്യയുടെ എത്ര ശതമാനമാണെന്ന് അറിയിക്കാമോ ;

(ബി) സംസ്ഥാനത്ത് ഈ വിഭാഗം ജനസംഖ്യയുടെ എത്ര ശതമാനമാണ് ;

(സി) പട്ടികവർഗ്ഗ ലിസ്റ്റ് തയ്യാറാക്കിയത് ഏത് വർഷമാണ് ;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിൽ സമുദായങ്ങളെ ഉൾപ്പെടുത്തിയതും ഒഴിവാക്കിയതും നരവംശ ശാസ്ത്രപഠനങ്ങളെ അടിസ്ഥാനമാക്കിയാണോ ;

(ഇ) സംഘടനകളോ സമ്മർദ്ദ ഗ്രൂപ്പുകളോ ഇല്ലാത്ത നാടോടി വനവാസി ഗോത്രങ്ങളെ സംബന്ധിച്ച സാമ്പത്തിക സാമൂഹിക സർവ്വേകൾ നടത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏറ്റവും ഒടുവിൽ പഠനം നടത്തിയത് എന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ജി) പഠനവിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് പരിഷ്ക്കരിക്കുമോ ;

(എച്ച്) ആദിവാസി പട്ടികയിൽ ഉൾപ്പെടുത്തേണ്ട നിരവധി സമൂഹങ്ങളെ പട്ടികജാതിയായി ഉൾപ്പെടുത്തിപോയതായ പരാതി പരിഗണിച്ച് പുതിയ പഠനത്തിനും വിലയിരുത്തലിനും സർക്കാർ തയ്യാറാകുമോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആദിവാസികൾ 1991-ലെ സെൻസസ് പ്രകാരം ദേശീയ ജനസംഖ്യയുടെ 8.06 % ആണ്.

(ബി) 1991-ലെ സെൻസസ് പ്രകാരം കേരള ജനസംഖ്യയുടെ 1.10 % ആണ്.

(സി) 1950.

(ഡി) പട്ടികവർഗ്ഗ വിഭാഗ ലിസ്റ്റിൽ സമുദായങ്ങളെ ഉൾപ്പെടുത്തിയതും ഒഴിവാക്കിയതും നരവംശശാസ്ത്രപഠനങ്ങളെ മാത്രം ആശ്രയിച്ചല്ല.

(ഇ) ഉണ്ട്.

(എഫ്) 1979.

(ജി) പട്ടികവർഗ്ഗ ലിസ്റ്റ് ഇതിനകം പരിഷ്കരിച്ചിട്ടുണ്ട്.

(എച്ച്) ഇപ്പോൾ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വേടൻ സമുദായത്തെപ്പറ്റിയെ പരാതി ലഭിച്ചിട്ടുള്ളൂ. അവരെ പട്ടികവർഗ്ഗ ലിസ്റ്റിലേക്ക് മാറ്റുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. മറ്റ് പ്രസക്തമായ പരാതിയൊന്നും ലഭിച്ചിട്ടില്ല.